**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6469** | **10-07-2024 - ൽ മറുപടിയ്ക്ക്**

**കെടാവിളക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സ്കൂൾ വിദ്യാർത്ഥികൾക്കായി ആരംഭിച്ച കെടാവിളക്ക് പദ്ധതിയുടെ മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ സർക്കാർ / സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന സ്കോളർഷിപ്പ് അനുവദിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ 2023-24 വർഷം മുതൽ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നതാണ് 'കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതി.' പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സംസ്ഥാനത്തെ സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒ.ബി.സി. വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളെയാണ് ഈ പദ്ധതിക്കായി പരിഗണിക്കുന്നത്.<br><br>2. ഒന്നാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് കുറഞ്ഞ കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.<br><br>3. രണ്ട് മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക്, മുൻവർഷം വാർഷിക പരീക്ഷയിൽ നേടിയ മാർക്കിന്റെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പിന് പരിഗണിക്കുന്നത്.<br><br>4. മുൻ വർഷത്തെ വാർഷിക പരീക്ഷയിൽ 90% വും അതിൽ കൂടുതലും മാർക്ക് നേടിയവരെ മാത്രമാണ് സ്കോളർഷിപ്പിന് പരിഗണിക്കുന്നത്.<br><br>5. കുടുംബ വാർഷിക വരുമാന പരിധി 2.50 ലക്ഷം രൂപയായിരിക്കണം.<br><br>6. ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് അർഹതയ്ക്ക് വിധേയമായി |

| | | | |
|---|---|---|---|
| | | | സ്കോളർഷിപ്പ് തുക വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നു. |
| (ബി) | ഒന്ന് മുതൽ പത്ത് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയിരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി ഒൻപത്, പത്ത് ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ? | (ബി) | കേന്ദ്ര സഹായത്തോടെ നടപ്പാക്കിയിരുന്ന ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 2022-23 വർഷം മുതൽ 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തി കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയം മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.<br><br>ഇതുമൂലം 1 മുതൽ 8 വരെ ക്ലാസുകളിലെ ഒ.ബി.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നഷ്ടമാകുന്ന സ്ഥിതി വന്ന സാഹചര്യത്തിൽ, മുൻപ് നൽകിയിരുന്ന സമാന നിരക്കിൽ 2.50 ലക്ഷം രൂപ വരുമാന പരിധിയിൽ 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന ഒ.ബി.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് 'കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതി' എന്ന പേരിൽ പുതുതായി സംസ്ഥാന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. |

സെക്ഷൻ ഓഫീസർ